**കേരള സർക്കാർ**

സംഗ്രഹം

കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കേരള ഫീഡ്സ് ലിമിറ്റഡ് - ഇടുക്കി ജില്ലയിലെ അരീക്കുഴയിലെ കാലിത്തീറ്റ ഉല്പാദന കേന്ദ്രത്തിലേയ്ക്ക് 44 തസ്തികകൾ അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു .

**കൃഷി (മൃഗസംരക്ഷണ-എഫ്) വകുപ്പ്**

**സ.ഉ (കൈ) നം.13/2021/എ.എച്ച്.ഡി** തീയതി, തിരുവനന്തപുരം, 27/05/2021

പരാമർശം :- 1) സ.ഉ.(കൈ)നം:101/2014/എ.ഡി തീയതി 06/05/2014
2) സ.ഉ.(കൈ)നം:427/2017/എ.ഡി തീയതി 20/08/2017
3) സ.ഉ.(കൈ)നം:508/2017/എ.ഡി തീയതി 28/09/2017
4) കേരള ഫീഡ്സ് ലിമിറ്റഡ് മാനേജിങ് ഡയറക്ടറുടെ 05/02/2019-ലെ കെ.എഫ്.എൽ/2282/18/എൽ167/എസ്.ആർ.ഒ /19 നമ്പർ കത്ത് .

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ തൊടുപുഴ അരീക്കുഴയിൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ കാലിത്തീറ്റ ഉല്പാദന കേന്ദ്രം സ്ഥാപിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത യൂണിറ്റിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്നും, അതിനുവേണ്ടി 105 തസ്തികകൾ അനുവദിക്കണമെന്നും പരാമർശം 4-ലെ കത്ത് പ്രകാരം കമ്പനി ആവശ്യപ്പെടുകയുണ്ടായി. ഇപ്രകാരം തസ്തികകൾ അനുവദിക്കുമ്പോൾ കമ്പനിക്കു പ്രതിമാസം 32 ലക്ഷം രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നും മാനേജിങ് ഡയറക്ടർ അറിയിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കമ്പനിയുടെ ഉല്പാദനശേഷിയുടെ പരമാവധി വിനിയോഗം ഉറപ്പ് വരുത്തുന്നതിനായും, കമ്പനിയുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായും, അധികമായി ലഭ്യമാകുന്ന വരുമാനം ഉപയോഗിച്ച് കമ്പനിയുടെ പ്രവർത്തനചെലവ് വഹിക്കുമെന്നതിനാലും, സർക്കാരിന് അധിക ബാധ്യത ഉണ്ടാകുന്നില്ല എന്നതിനാലും, കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഇടുക്കി, അരീക്കുഴ കാലിത്തീറ്റ ഉല്പാദന കേന്ദ്രത്തിൽ ചുവടെ ചേർത്തിരിക്കുന്ന 44 (നാല്പ്പത്തി നാല്) തസ്തികകൾ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl.No | Department | Designation. | No. of Posts. |
|---|---|---|---|
| 1 | **Production** | Manager (Production & Maintenance) | 1 |
| | | Deputy Manager (Production & Maintenance) | 1 |
| | | Officer (Production & Maintenance) | 3 |
| | | Technical Assistant (Mechanical) Gr-II | 2 |

| | | | |
|---|---|---|---|
| | | Technical Assistant (Electronics/ Instrumentation) Gr-II | 2 |
| | | Technician (Control Room Operator) Gr-II | 2 |
| | | Technician (Fitter) Gr-II | 3 |
| | | Technician (Boiler Operator)-Gr-II | 3 |
| | | Technician (Electrician) Gr-II | 2 |
| | | Worker (from Employment Exchange on temporary daily wage basis) | 10 |
| 2 | **Personnel & Administration** | Junior Officer (Personnel & Administration) | 1 |
| 3 | **Finance** | Junior Officer (Finance & Accounts) | 1 |
| 4 | **IT** | Officer (IT) | 1 |
| 5 | | Assistant Manager (Purchase & Materials) | 1 |
| | | Inventory Controller | 3 |
| | | Godown Assistant | 4 |
| 6 | **QC** | Junior Officer (Quality Control) | 2 |
| | | Lab Attendant Gr-II | 1 |
| 7 | **Marketing** | Manager (Marketing) | 1 |
| **Total** | **(Forty four posts only)** | | **44** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**സെക്രട്ടറി**

പകർപ്പ്

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ , കേരള ഫീഡ്സ് ലിമിറ്റഡ്,കല്ലേറ്റുംകര, തൃശ്ശൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 & 2) തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

പൊതുഭരണ(എസ്.സി ) വകുപ്പ് (03-03-21 ലെ ഇനം നം 4853 പ്രകാരം)

ധനകാര്യ (പി.യു.ബി ) വകുപ്പ്( 12-02-21 ലെ പി യു-ബി 2/75/2019 ധനം പ്രകാരം)

വെബ് &ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

-45-

<u>രഹസ്യം</u>

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-03-2021

ഫയൽ നം. എഫ്2/75/2019/എ.എച്ച്.ഡി. ഇനം നം: 4853

വിഷയം : കൃഷി (മൃഗസംരക്ഷണ) വകുപ്പ് - കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഇടുക്കി അരീക്കുഴ കാലിത്തീറ്റ ഉൽപ്പാദന കേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ അനുമതിയ്ക്ക് വിധേയമായി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (മൃഗസംരക്ഷണ) വകുപ്പ്.

JS (F)
Urgent. Pl. speak
3/3.

Spoken
3/3/21
JS

115

# കേരള സർക്കാർ

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | **എഫ്2/75/2019/എ.എച്ച്.ഡി** |
| 2 | വകുപ്പ് | : | **കൃഷി (മൃഗസംരക്ഷണ-എഫ്) വകുപ്പ്** |
| 3 | വിഷയം | : | **കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഇടുക്കി അരീക്കുഴ കാലിത്തീറ്റ ഉൽപ്പാദന കേന്ദ്രത്തിൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച്** |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 21-02-2021 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഷീല.പി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.2.21 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | അഡ്വ.കെ.രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 24.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കരട് കുറിപ്പ്

28/ 09/ 2017-ലെ സ.ഉ(കൈ) നം:508/ 2017/ എ.എച്ച്.ഡി പ്രകാരം ഭരണാനുമതി നൽകിയ കേരള ഫീഡ്സ് ലിമിറ്റഡിന്റെ അരീക്കുഴ പ്ലാന്റിലേയ്ക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം സംബന്ധിച്ചുള്ളതാണീ കുറിപ്പ് .

2) കേരള ഫീഡ്സ് ലിമിറ്റഡ് ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ ആരംഭിക്കുന്ന കാലിത്തീറ്റ ഉത്പ്പാദന കേന്ദ്രത്തിലേക്ക് 05/ 01/ 2019-ന് ചേർന്ന 140-ാമത് ഡയറക്ടർ ബോർഡ് യോഗം അംഗീകരിച്ചപ്രകാരം, ആവശ്യമായ 105 തസ്തികകൾ അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കമ്പനി മാനേജിങ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി . അരീക്കുഴയിലെ നിർദിഷ്ട 500 TPD ഉല്പാദനശേഷിയുള്ള ഫാക്ടറിയിലേയ്ക്ക് കമ്പനി നൽകിയിട്ടുള്ള് പ്രൊപ്പോസൽ പ്രകാരമുള്ള തസ്തികകൾക്കു പ്രതിമാസം 35 ലക്ഷം രൂപയോളം സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നും അറിയിച്ചിരിക്കുന്നു.

3) ഈ വിഷയത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും .

**"നിലവിൽ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു എന്ന് കമ്പനി പറഞ്ഞിരിക്കുന്ന തസ്തികകൾ ഒഴിവാക്കി പുതുതായി ആവശ്യപ്പെട്ടിരിക്കുന്ന തസ്തികകൾ അനുവദിയ്ക്കണമെന്ന ആവശ്യം പരിശോധിക്കുന്നതിന് കമ്പനിയുടെ പ്രവർത്തനത്തിനായി അവശ്യം വേണ്ട തസ്തികകൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് ആവശ്യമായ തസ്തികകളുടെ പട്ടിക, 05/ 01/ 2019- ന് ചേർന്ന ഡയറക്ടർ ബോർഡ് യോഗം അംഗീകരിച്ച് ഒപ്പുവച്ച മിനിറ്റ്സ് എന്നിവ സഹിതം വ്യക്തമായ ശുപാർശയോടെ ഫയൽ ലഭ്യമാക്കാൻ ആവശ്യപ്പെടുന്നതോടൊപ്പം ആവശ്യപ്പെട്ടിരിക്കുന്ന 105 തസ്തികകളിൽ പുതിയ പ്ലാന്റ് പ്രവർത്തിപ്പിക്കാനാവശ്യമായ തസ്തികകൾ മാത്രം ഉൾക്കൊള്ളിച്ച പുതിയ ശുപാർശ തരാനും അതിനു വേണ്ടിവരുന്ന പ്രതിമാസ, പ്രതിവർഷ സാമ്പത്തിക ബാധ്യതയെത്രയെന്നു തിട്ടപ്പെടുത്താനും പുതിയ പ്ലാന്റിന്റെ സ്ഥാപിത ശേഷിയെത്രയെന്നും പൂർണ്ണശേഷിയിൽ ഉത്പാദനം നടത്തിയാൽ എത്ര വിറ്റുവരവ് ലഭിക്കുമെന്നാണ് കണക്കാക്കുന്നതെന്നും ഇതിൽനിന്ന് കണക്കാക്കുന്ന വാർഷിക ലാഭമെത്രയെന്നും കൂടിയുള്ള വിവരങ്ങൾ സഹിതം ഫയൽ ലഭ്യമാക്കുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു .**

4) ധനകാര്യവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കമ്പനി ലഭ്യമാക്കിയ മറുപടി പ്രകാരം, തസ്തികകളെ സംബന്ധിച്ച് കമ്പനി വിശദമായ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചില തസ്തികകൾ ഒഴിവാക്കി പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നു .

5) പുതുക്കിയ പ്രൊപ്പോസൽ പ്രകാരം കമ്പനിയുടെ പ്രതിമാസ , പ്രതിവർഷ സാമ്പത്തിക ബാധ്യത ഏകദേശം യഥാക്രമം 32 ലക്ഷം രൂപയും 3.84 കോടി രൂപയും ആയിരിക്കും . അരീക്കുഴ പ്ലാന്റിന്റെ സ്ഥാപിത ശേഷിയായ 500T പ്രതിദിന ഉല്പാദനം കൈവരിക്കുന്നതോടെ ഏകദേശം 280 കോടി രൂപയോളം വാർഷിക വിറ്റുവരവ് കമ്പനിക്ക് ലഭിക്കുമെന്നാണ് കണക്കാക്കുന്നത് . മേൽ പരാമർശിച്ച വിറ്റുവരവ് കമ്പനി കൈവരിക്കുന്ന സമയത്ത് വാർഷിക ലാഭമായി പ്രതിവർഷം 2.5 കോടി രൂപ കമ്പനി പ്രതീക്ഷിക്കുന്നു എന്നും അറിയിച്ചിരുന്നു .

6) ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടുകൊള്ളും .

**കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ ആരംഭിക്കുന്ന കാലിത്തീറ്റ ഉൽപാദന കേന്ദ്രത്തിലേയ്ക്ക് ചുവടെ പറയുന്ന തസ്തികകൾ ( ആകെ 44) അനുവദിക്കുന്നതിന് അനുമതി നൽകുന്നു.**

| Sl.No | Department | Designation. | No. of Posts. |
|---|---|---|---|
| 1 | Production | Manager (Production & Maintenance) | 1 |
| | | Deputy Manager (Production & Maintenance) | 1 |
| | | Officer (Production & Maintenance) | 3 |
| | | Technical Assistant (Mechanical) Gr-II | 2 |
| | | Technical Assistant (Electronics/ Instrumentation) Gr-II | 2 |
| | | Technician (Control Room Operator) Gr-II | 2 |
| | | Technician (Fitter) Gr-II | 3 |
| | | Technician (Boiler Operator)-Gr-II | 3 |
| | | Technician (Electrician) Gr-II | 2 |

| | | | |
|---|---|---|---|
| | | Worker (from Employment Exchange on temporary daily wage basis) | 10 |
| 2 | **Personnel & Administration** | Junior Officer (Personnel & Administration) | 1 |
| 3 | **Finance** | Junior Officer (Finance & Accounts) | 1 |
| 4 | **IT** | Officer (IT) | 1 |
| 5 | | Assistant Manager (Purchase & Materials) | 1 |
| | | Inventory Controller | 3 |
| | | Godown Assistant | 4 |
| 6 | **QC** | Junior Officer (Quality Control) | 2 |
| | | Lab Attendant Gr-II | 1 |
| 7 | **Marketing** | Manager (Marketing) | 1 |
| **Total** | | | **44** |

7) ഫയൽ ബഹ:മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്ത വേളയിൽ ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. Pg 36 cl 37 nf

**<u>തീരുമാനിക്കേണ്ട വിഷയം</u>**

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ വരുന്ന കേരള ഫീഡ്സ് ലിമിറ്റഡിന്റെ ഇടുക്കി ജില്ലയിലെ അരീക്കുഴയിൽ ആരംഭിക്കുന്ന കാലിത്തീറ്റ ഉൽപ്പാദന കേന്ദ്രത്തിലേയ്ക്ക് 5-ാം ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നതും ധനകാര്യവകുപ്പ് അംഗീകരിച്ചതുമായ തസ്തികകൾ അനുവദിക്കാവുന്നതാണോ ?

23.02.2021

23/2

23/2/21

23/2

24.2.21
K. RAJU
Minister for Forest, Animal Husbandry
Dairy Development and Zoos